"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ്-ദുരന്ത നിവാരണ വകുപ്പിലെ പ്രവൃത്തി വിഭജനം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.467/2023/DMD തീയതി 22-07-2023,തിരുവനന്തപുരം

---

പരാമർശം:-
1. 13.01.2005ലെ ജി.ഒ(എം.എസ്) നം.18/2005/റവന്യൂ ഉത്തരവ്
2. 27.03.2018 ലെ ഓഫീസ് ഉത്തരവ് നം 5/2018/റവന്യൂ
3. 18.06.202022 ലെ ഓഫീസ് ഉത്തരവ് നം 1/2022/ഡി.എം.ഡി

<u>ഉത്തരവ്</u>

ദുരന്ത നിവാരണ വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള പരാമർശം (1) ഉത്തരവിനുശേഷം 2005 ഡിസംബർ 23-ന് ദേശീയ ദുരന്ത നിവാരണ നിയമം വിജ്ഞാപനം ചെയ്യപ്പെട്ടുകയും അതിൻപ്രകാരം ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കപ്പെട്ടുകയും നിയമത്തോടനുബന്ധിച്ചുള്ള ചട്ടങ്ങൾ 2007ൽ വിജ്ഞാപനം ചെയ്യപ്പെട്ടുകയും ചെയ്തു. ദുരന്ത നിവാരണ നിയമം 2005ലെ സെക്ഷൻ 18(3) പ്രകാരം അടിയന്തിരഘട്ടങ്ങളിൽ ദുരന്ത നിവാരണ നിയമത്തിലെ എല്ലാ അധികാരങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാനിൽ നിക്ഷിപ്തമാണ്.

വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം അടിയന്തിരഘട്ടങ്ങളിൽ ഒരേ സമയം പ്രാവർത്തികമാക്കേണ്ടതുൾപ്പടെയുള്ള സാഹചര്യമുള്ളതിനാൽ പരാമർശ 1 പ്രകാരമുള്ള ഉത്തരവ്, പരാമർശം 2,3 പ്രകാരമുള്ള ഓഫീസ് ഉത്തരവുകൾ എന്നിവയെ മറികടന്നു കൊണ്ട് ചുവടെ പറയും പ്രകാരം ദുരന്ത നിവാരണ വകുപ്പിലെ പ്രവൃത്തി വിഭജനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ദുരന്തനിവാരണ (എ) വകുപ്പ്</u>

a. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.
b. ദേശീയ/സംസ്ഥാന ദുരന്തനിവാരണ അതോറിറ്റികൾ തീവ്രത കൂടിയതായി പ്രഖ്യാപിച്ചിട്ടുള്ള പ്രകൃതിദുരന്തങ്ങൾ,
c. ദേശീയ ദുരന്ത പ്രതികരണ നിധി സംബന്ധിച്ച വിഷയങ്ങൾ
d. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായും സംസ്ഥാന അടിയന്തിരഘട്ട കാര്യം നിർവ്വഹണ കേന്ദ്രവുമായും ബന്ധപ്പെട്ട ഭരണപരമായ വിഷയങ്ങൾ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.
e. പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായുള്ള കത്തിടപാടുകൾ,
f. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന ദുരന്തനിവാരണവുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും രൂപീകരണം.
g. ദുരന്തപ്രതികരണ നിധിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ രൂപീകരണം.
h. പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ.
i. സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട്.

j. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ദുരന്തനിവാരണ പദ്ധതികൾ രൂപീകരിക്കൽ.
k. ക്രൗഡ് മാനേജ്മെന്റ്.
l. എസ്.ഡി.ആർ.എഫ്.
m. സംസ്ഥാന ദുരന്ത പ്രതികരണ നിധി, സംസ്ഥാന ദുരന്ത ലഘൂകരണനിധിയുമായി ബന്ധപ്പെട്ട കപ്പാസിറ്റി ബിൾഡിംഗ്.
n. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗം.
o. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെയും ശാക്തീകരണം.
p. സുനാമി പുനരധിവാസ പദ്ധതി (TRP) യുമായി ബന്ധപ്പെട്ട മുഴുവൻ വിഷയങ്ങളും.
q. National Cyclone Risk Mitigation Project(NCRMP)
r. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ട്രെയിനിംഗ്
s. കോവിഡ് 19-മായ ബന്ധപ്പെട്ട വിഷയങ്ങൾ
t. സംസ്ഥാന ദുരന്ത ലഘൂകരണ നിധി വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ
u. മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട പേപ്പറുകൾ,
v. കടൽക്ഷോഭവുമായി ബന്ധപ്പെട്ട പേപ്പറുകൾ,
w. സൈക്ലോൺ, വരൾച്ച എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ

2. ദുരന്തനിവാരണ (ബി) വകുപ്പ്

a. പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തിര പുനരുദ്ധാരണം - ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കൽ.
b. ദുരന്ത നിവാരണ അതോറിറ്റി തീവ്രദുരന്തമായി പ്രഖ്യാപിക്കാത്ത വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ആലിപ്പഴവർഷം, ഇടിമിന്നൽ, സോയിൽ പൈപ്പിംഗ്, തുടങ്ങിയ വിവിധ പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച വിഷയങ്ങൾ (സൈക്ലോൺ, വരൾച്ച എന്നിവ ഒഴികെ).
c. പ്രകൃതി ദുരന്തങ്ങളെ തുടർന്ന് ഉണ്ടാകുന്ന അപകടങ്ങൾക്കും ജീവഹാനിക്കും നാശനഷ്ടങ്ങൾക്കും ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിലവിലെ പരിധിക്കുള്ളിൽ ആശ്വാസ ധനസഹായം (റിലീഫ് അസിസ്റ്റൻസ്) അനുവദിക്കൽ.
d. പ്രകൃതിദുരന്തത്തിൽ വീടുകൾക്കും കെട്ടിടങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ.

ദുരന്തങ്ങളുമായി ബന്ധപ്പെട്ട ധനസഹായവിതരണവും താൽക്കാലിക പുനരധിവാസവും റവന്യൂ വകുപ്പ് മുഖാന്തരം നിർവ്വഹിക്കേണ്ടതാണ്. ദുരന്തനിവാരണ (ബി) വകുപ്പിലെ വിഷയങ്ങൾ ബഹു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പരിധിയിലായിരിക്കും നടപ്പിലാക്കുന്നത്. റൂൾസ് ഓഫ് ബിസിനസ്സിൽ ഇതിനാവശ്യമായ ഭേദഗതി വിജ്ഞാപനം പ്രത്യേകമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ , ദുരന്ത നിവാരണം
ജില്ലാ കളക്ടർമാർ

മെമ്പർ സെക്രട്ടറി. കെ.എസ്.ഡി.എം.എ
സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ, **NCRMP**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എസിന്
ദുരന്ത നിവാരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എയ്ക്ക്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
ദുരന്ത നിവാരണ (ബി) വകുപ്പ്
പൊതുഭരണ(എസ്.എസ്)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
സെക്ഷൻ ഓഫീസർ
Date: 24-07-2023 11:51:04